# ദൈവത്തോടൊപ്പമുള്ള ജനുവരി 2021

| ഞായറാഴ്ച | തിങ്കളാഴ്ച | ചൊവ്വാഴ്ച | ബുധനാഴ്ച | വ്യാഴാഴ്ച | വെള്ളിയാഴ്ച | ശനിയാഴ്ച |
|---|---|---|---|---|---|---|
| | | | | | 1 പുതുവത്സരാശംസകൾ! ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുവാനും സേവിക്കുവാനും ഈ വർഷം സഹായിക്കേണ്ടതിന് ദൈവത്തോട് അപേക്ഷിക്കാം. | 2 2021-ലേക്ക് കുറച്ച് ഗ്ലാസ്സുകൾ ഉണ്ടാക്കുക. ദൈവം നല്ലവനാകുന്നു. |
| 3 നിങ്ങൾക്ക് ദൈവവുമായുള്ള ബന്ധം ഈ വർഷം കൂടുതൽ വളരുവാൻ ഇന്ന് ദൈവത്തോടു പ്രാർത്ഥിക്കാം. | 4 പ്രാതൽ ഉപേക്ഷിക്കുക, പ്രാർത്ഥിക്കുകയും ദൈവത്തെ ഒരുമിച്ച് അന്വേഷിക്കുകയും ചെയ്യുക. | 5 ധനകാര്യങ്ങൾ ബുദ്ധിപരമായി കൈകാര്യം ചെയ്യുവാൻ നിങ്ങളുടെ കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കുക. | 6 കഴിഞ്ഞവർഷം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നല്കിയതിനായി നന്ദി പറയുക. | 7 കഴിഞ്ഞ വർഷം ദൈവം നിങ്ങളെ അത്ഭുതപ്പെടുത്തിയ 5 കാര്യങ്ങൾഎഴുതി വയ്ക്കുക. | 8 ബൈബിളിലെ ആദ്യത്തെ വാക്യം മന:പാഠമാക്കുക. സഹായം ആവശ്യമെങ്കിൽ ചോദിക്കുക. | 9 ബൈബിളിലെ ഏതെങ്കിലും ഒരു കഥാപാത്രത്തെയും അവർ ചെയ്ത നല്ല കാര്യങ്ങളേയും കുറിച്ച് ചിന്തിക്കുക. |
| 10 മേഘങ്ങളിലെ ആകൃതികൾ കണ്ടുപിടിക്കുക, ദൈവത്തിന്റെ സൃഷ്ടിക്കായി നന്ദി പറയുക. | 11 സ്കൂളിൽ നിങ്ങൾക്ക് എല്ലാം നല്ല രീതിയിൽ നടക്കേണ്ടതിന് മാതാപിതാക്കളോടൊപ്പം പ്രാർത്ഥിക്കുക. | 12 അക്ഷരമാലയിലെ ഒരക്ഷരം എഴുതുക. ആ അക്ഷരം ഉൾപ്പെടുന്ന പേരുള്ള ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുക. | 13 നിങ്ങളോടൊപ്പം താമസിക്കുന്നവരെ ആലിംഗനം ചെയ്യുകയും നിങ്ങൾക്കുവേണ്ടി കരുതുന്നതിന് അവരോട് നന്ദി പറയുകയും ചെയ്യുക. എഫെ. 6:1-4. | 14 ബൈബിളിൽ നിങ്ങൾക്ക് പരിചിതമല്ലാത്ത ഏതെങ്കിലും ഒരു പുസ്തകത്തിലെ ആദ്യത്തെ അദ്ധ്യായം വായിക്കുക. | 15 ഒരു കടലാസുവള്ളം ഉണ്ടാക്കുകയും സുവിശേഷം അറിയിക്കുവാൻ വേണ്ടി യാത്ര ചെയ്യുന്ന മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. | 16 കോവിഡ് മൂലം ഒരു കുടുംബാംഗത്തിനെ നഷ്ടപ്പെട്ട കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കുക. അങ്ങനെയുള്ള ഒരാളെ നിങ്ങൾക്ക് അറിയാമെങ്കിൽ അവർക്ക് റോമർ 15:5 അയച്ചു കൊടുക്കുക. |
| 17 ബൈബിളിലുള്ള സ്ത്രീകൾക്ക് ദൈവം ചെയ്ത അത്ഭുതങ്ങൾ വായിക്കുക, മുതിർന്ന ഒരാളിന്റെ സഹായം ചോദിക്കുക. | 18 രാവിലെ എഴുന്നേൽക്കുമ്പോൾ, കിടന്നുറങ്ങാൻ ഒരു സ്ഥലം നൽകിയതിനു ദൈവത്തോടു നന്ദി പറയാം. | 19 സങ്കീ. 23:1 ആസ്പദമാക്കി ഒരു ചിത്രം വരച്ച് നിറം കൊടുക്കുക. | 20 നിങ്ങൾ ഭാരപ്പെടുന്ന എന്തെങ്കിലും വിഷയങ്ങളുണ്ടെങ്കിൽ ഫിലി. 4:4-7 വായിക്കുകയും പ്രാർത്ഥിക്കുകയും ദൈവത്തിൽ വിശ്രമിക്കുകയും ചെയ്യുക. | 21 ഗൃഹനിർമ്മിതമായ ഒരു ഉപകരണം ഉണ്ടാക്കുകയും സന്തോഷത്തോടെ ദൈവത്തെ ആരാധിക്കുകയും ചെയ്യുക. | 22 പലകമേലുള്ള കളികൾ (ചതുരംഗം) ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയ്ക്ക് വേണ്ടി പ്രാർത്ഥിക്കുക. | 23 തങ്ങളുടെ ആവശ്യങ്ങൾ നേടുയെടുക്കുന്നതിനു വേണ്ടി പോരാടിയ ബൈബിൾ കഥാപാത്രങ്ങളെ തിരയുക. സദൃശ്യ. 16:3. |
| 24 വാട്സാപ്പിലുള്ള ഈ കലണ്ടറിനോടൊപ്പം നിങ്ങളുടെ ഒരു ചിത്രം ഞങ്ങൾക്ക് അയച്ചുതരിക, നിങ്ങൾക്ക് ഒരു ഡിജിറ്റൽ സമ്മാനം ലഭിക്കുന്നതായിരിക്കും. | 25 ദാരിദ്ര്യത്തിലും സമൃദ്ധിയിലും ജീവിക്കുവാൻ പൗലോസ് പഠിച്ച ഫിലി. 4:10-13 വായിക്കുകയും നിങ്ങൾക്ക് ഉള്ള എല്ലാറ്റിനും ദൈവത്തോടു നന്ദി പറയുകയും ചെയ്യുക. | 26 നിങ്ങളുടെ ഇഷ്ട മൃഗത്തിന്റെ ഒരു ചിത്രം വരച്ച് നിറം കൊടുക്കുക; ദൈവത്തിന്റെ സൃഷ്ടിയ്ക്കായി നന്ദി പറയുക. | 27 നിങ്ങൾക്ക് പ്രാർത്ഥിക്കാൻ ഇഷ്ടമുള്ള ഒരു കാര്യം എഴുതി വയ്ക്കുക. | 28 ബൈബിളിലെ അവസാനവാക്യം മന:പാഠം ആക്കുക. സഹായം ആവശ്യമെങ്കിൽ ചോദിക്കുക. | 29 എട്ടാം വയസ്സിൽ യിസ്രായേലിന്റെ രാജാവായത് ആരാണെന്ന് നിങ്ങൾക്ക് അറിയാമോ? കുടുംബത്തോടൊപ്പം ആ കഥ വായിക്കുക. | 30 ഈ വർഷത്തിലെ ആദ്യമാസത്തിനായും നിങ്ങളുടെ ജീവിതത്തിനായും ദൈവത്തിന് നന്ദി പറയാം. |
| 31 വെവ്വേറെ കടലാസു കഷണങ്ങളിലായി ഈ മാസം നിങ്ങൾക്ക് ലഭിച്ച എല്ലാ നന്മകളും എഴുതി വയ്ക്കുകയോ ചിത്രം വരയ്ക്കുകയോ ചെയ്ത് അത് ഒരു സമ്മാനപ്പെട്ടിയിൽ സൂക്ഷിക്കുക. | | | | | | |




























**യഹോവയ്ക്കു സ്തോത്രം ചെയ്‌വിൻ;അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളതു.**
**1 ദിനവൃത്താന്തം 16:34**

Children are Important

WWW.CHILDRENAREIMPORTANT.COM